CYAN MAGENTA YELLOW BLACK

**മനസ്സറിയുക ശരീരവും**

ഡോ.(സി.) ഷാലു കോയിക്കര

# കൗമാരം വൈരുധ്യങ്ങളുടെ ജീവിതഘട്ടം

പ്രഭാതത്തിൽ ശാന്തമായിരിക്കുന്ന സമുദ്രത്തിൽ സായാഹ്നമാകുമ്പോൾ തിരമാലകൾ ഇളകിമറിയുന്നത് സാധാരണയാണ്. കൗമാരക്കാരന്റെ മാനസ്സികാവസ്ഥയും ഏതണ്ടിതുപോലെയാണ്. വൈരുധ്യം നിറഞ്ഞ ആശയങ്ങളും അനുഭവങ്ങളും കൗമാരക്കാരുടെ മനസ്സിൽ നിരന്തരം കോളിളക്കങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കും. ഒരു നിമിഷം ഭീതിയാർന്ന മനസ്സിൽ അടുത്തനിമിഷം പ്രതീക്ഷയുടെ മുകുളങ്ങളായിരിക്കും പൊട്ടിവിടരുക.

## ഭാവിയെക്കുറിച്ചുള്ള ചിന്തയും ഉത്കണ്ഠയും

എന്തൊക്കെ ഭയങ്ങളാകാം അവരുടെ മനസ്സിനെ വേട്ടയാടുക? വസ്തുക്കളെയോ സ്ഥലങ്ങളെയോ ചില പ്രത്യേക വ്യക്തികളെയോ അടിസ്ഥാനമാക്കിയുള്ള ഭയമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. പ്രത്യുത, ഭാവിയെക്കുറിച്ചുള്ള ഉത്ക്കണ്ഠയും ഭയവുമാണിവിടെ വിവക്ഷിക്കുന്നത്. തന്റെ ജീവിതം എങ്ങനെയായിത്തീരും, ഏതു വിധത്തിലതിനെ കരുപ്പിടിപ്പിക്കണം എന്നിങ്ങനെയുള്ള മനസ്സിനെ അസ്വസ്ഥമാക്കുന്ന നൂറു നൂറു ചിന്തകൾ കൗമാരക്കാരിൽ ഉണ്ടാകാം. നാളിതുവരെ ഒന്നിനെക്കുറിച്ചും ചിന്തിക്കേണ്ട ആവശ്യമില്ലായിരുന്നു, അച്ഛനും അമ്മയും എല്ലാം നോക്കിക്കൊള്ളുമായിരുന്നു, അച്ഛൻ തനിക്കുവേണ്ടി കാര്യമായി ഒന്നും കരുതിയിട്ടില്ല, അതല്ലെങ്കിൽ അച്ഛനോളം കഴിവുള്ളവനല്ല താൻ, തനിക്ക് പഠിച്ചൊരു ജോലി സമ്പാദിക്കാനാകുമോ, ജ്യേഷ്ഠന്റെ ഒപ്പമെത്താൻ തനിക്കു സാധിക്കുമോ, ചേച്ചി എത്ര മിടുക്കിയായിരുന്നു അമ്മയോളം സാമർത്ഥ്യം തനിക്കില്ലല്ലോ, അമ്മയെപ്പോലെ സഹിക്കാനാർക്കാകും, അമ്മയ്ക്ക് ഒരു ജോലിയുണ്ടായിരുന്നതുകൊണ്ട് പിടിച്ചുനിന്നു, താൻ എങ്ങനെ ഇതെല്ലാം നയിച്ചുകൊണ്ടു പോകും - ഇങ്ങനെയായിരിക്കും അവർ ചിന്തിക്കുക.

സ്വയം മറ്റുള്ളവരുമായി താരതമ്യം ചെയ്യുന്നവരിലും മത്സരബുദ്ധിയുള്ളവരിലും ഭാവിയെക്കുറിച്ചുള്ള ആകാംക്ഷയും അതു ജനിപ്പിക്കുന്ന ഉത്ക്കണ്ഠയും വളരെ കൂടുതലായിരിക്കും. ഇത് ഉപരിപ്ലവമായ ഭയമെന്നതിനെക്കാൾ കൂടുതലായി അസ്തിത്വത്തെ ചൂഴ്ന്നു നില്ക്കുന്ന ഒന്നാണ്. അതിനെ ചുറ്റിപ്പറ്റിയുള്ള ചിന്തകളാണ് നാം മുകളിൽ കണ്ടത്. എല്ലാ കൗമാരക്കാരും ഒരേ അളവിലല്ല ഇത്തരം ഉത്ക്കണ്ഠകൾ അനുഭവിക്കുന്നത്. അവന് ലഭിച്ചിരിക്കുന്ന സുരക്ഷിതത്വബോധം, മാതാപിതാക്കളുടെ ജീവിതം, അവനെക്കുറിച്ചു തന്നെയുള്ള അവന്റെ കാഴ്ചപ്പാട് , മറ്റുള്ളവർ അവനിലർപ്പിക്കുന്ന വിശ്വാസം ഇങ്ങനെ പല കാര്യങ്ങളെ ആശ്രയിച്ചാണതിരിക്കുന്നത്.

**കൗമാരക്കാർ അനുഭവിക്കുന്ന വൈരുധ്യാത്മകതകൾ താഴെപ്പറയുന്നവയാണ്**

| | | |
|---|---|---|
| നില്ക്കാനുള്ള കഴിവ് (Independence) | - | ആശ്രയത്വം (Dependency) |
| തിരസ്കരണഭയം (Fear of rejection) | - | ജോലി (Work) |
| ഉല്ലാസം (Pleasure principle) | - | യാഥാർത്ഥ്യബോധം (Reality principle) |
| ഭാവന (Phantasty) | - | ആസൂത്രണം (Project) |
| മൂർത്തമായ (Concrete) | - | അമൂർത്തമായ (Abstract) |
| മൂടുപടമിട്ട വ്യക്തിത്വം (False self) | - | യഥാർത്ഥ വ്യക്തിത്വം (True self) |

## പ്രതീക്ഷയെന്ന ആയുധം

ഈ ഭീതിയുടെ നടുവിലും പ്രതീക്ഷയുടെ കിരണങ്ങൾ അവനെ ചൂഴ്ന്നുനില്ക്കും. തനിക്കീ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും. അതിന്റെ ഉത്തരവാദിത്വങ്ങൾ തനിക്കു ചെയ്തുതീർക്കാൻ സാധിക്കും എന്നൊക്കെയുള്ള ആത്മവിശ്വാസം അവന് ധൈര്യമേകും. ഈശ്വരവിശ്വാസം, വ്യക്തിബന്ധങ്ങൾ എന്നിവ അവന് ഈ കാര്യത്തിൽ ഏറെ സഹായകമാകും. ഇവ രണ്ടും വളരെ ചെറുപ്പത്തിലേ മുതൽ പരിശീലിക്കേണ്ട ഒന്നാണ്.

ആഴമായ ഈശ്വരവിശ്വാസത്തിലടിയുറയ്ക്കാനും ആഴമായ വ്യക്തിബന്ധങ്ങൾ രൂപപ്പെടുത്തിയെടുക്കാനും മാതാപിതാക്കൾ അവനെ സഹായിക്കേണ്ടതാണ്. ഈശ്വരവിശ്വാസം വെറും താത്വികമെന്നതിനെക്കാൾ വ്യക്തിബന്ധത്തിലധിഷ്ഠിതമാകേണ്ടതാണ്. മാതാപിതാക്കളുടെ അനുഭവം കുട്ടികൾക്ക് ഈ കാര്യത്തിൽ മാതൃകയാകണം. ഭയമോ, പ്രതീക്ഷയോ ഏതു മുന്നിൽ നില്ക്കുന്നു എന്നതിനനുസരിച്ച് അവനനുഭവിക്കുന്ന സംഘട്ടനത്തിന്റെ അളവിനും വ്യത്യാസമുണ്ടാകും. പ്രതീക്ഷയിൽ വളർന്നിട്ടുണ്ടെങ്കിൽ സംഘട്ടനങ്ങളെ തരണം ചെയ്യാൻ അവന് എളുപ്പമാകും.



## സ്വാശ്രയത്വത്തിനു വേണ്ടിയുള്ള വ്യഗ്രത

കൗമാരക്കാർ ഏറെ സംഘട്ടനങ്ങളിൽക്കൂടി കടന്നുപോകേണ്ടിവരുന്നു. സ്വന്തം കാലിൽ നില്ക്കാനുള്ള ആഗ്രഹവും അതേസമയം തന്നെ അതിനുള്ള കഴിവില്ലായ്മയും മനസ്സിനെ അലട്ടുമ്പോൾ, പല കാര്യങ്ങളിലും തന്റേതായ ചിന്താഗതി രൂപപ്പെടുത്തിയെടുക്കാൻ ശ്രമിക്കുന്ന കൗമാരക്കാർ എല്ലാ കാര്യങ്ങളിലും സ്വതന്ത്രരാകാൻ ആഗ്രഹിക്കും. എന്നാൽ പ്രായോഗികമായി കാര്യങ്ങൾ തങ്ങൾ വിചാരിക്കുന്നതുപോലെ ചെയ്യാൻ സാധിക്കാതെ വരുമ്പോൾ മുതിർന്നവരെ ആശ്രയിക്കേണ്ടതായി വരുന്നു. തങ്ങളുടെ കഴിവിനെക്കുറിച്ച് സംശയിക്കാൻ ഇതിടയാക്കുന്നു. വീണ്ടും മാതാപിതാക്കളെ ആശ്രയിക്കുക എന്നത് അവരിൽ അസ്വസ്ഥതയുളവാക്കുന്നു.

ഏതാനും കാര്യങ്ങളൊക്കെ സ്വന്തമായി ചെയ്യാൻ സാധിക്കുന്നതിൽ അവന് ആത്മാഭിമാനമുണ്ടാകും. എന്നാൽ സാമ്പത്തികമായും മറ്റു കാര്യങ്ങളിലും ആശ്രയിക്കേണ്ടി വരുന്ന സാഹചര്യങ്ങളാവും കൂടുതലും. പരസ്പരം ആശ്രയിക്കുക, സ്വന്തമായി കാര്യങ്ങൾ ചെയ്യുക ഇവ രണ്ടും ജീവിതത്തിന്റെ ഭാഗമാണെന്ന് പഠിക്കാൻ അവനിനിയും നാളുകൾ വേണ്ടിവരും.

എല്ലാറ്റിലും സ്വാതന്ത്ര്യം കാംക്ഷിക്കുന്ന അവന് അത് എങ്ങനെ വിനിയോഗിക്കണമെന്ന് അറിയില്ല. സ്വന്തം ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കാൻ സാധിക്കുന്നതാണ് സ്വാതന്ത്ര്യമെന്നവൻ തെറ്റിദ്ധരിക്കുന്നു. സ്വന്തം താത്പര്യമനുസരിച്ച് മാത്രം കാര്യങ്ങൾ ചെയ്യുന്നവൻ തന്റെ ഇഷ്ടങ്ങളുടെ അടിമയാണെന്ന യാഥാർത്ഥ്യം അവൻ മറന്നുപോകുന്നു. മറിച്ച് നന്മ തെരഞ്ഞെടുക്കാനുള്ള മനുഷ്യമനസ്സിന്റെ അവസ്ഥയാണ് സ്വാതന്ത്ര്യമെന്ന് അവൻ ചിന്തിച്ചിരുന്നെങ്കിൽ, അവനെ ചിന്തിക്കാൻ പഠിപ്പിച്ചിരുന്നെങ്കിൽ നന്നായിരുന്നു. പല സംഘട്ടനങ്ങളും അതുമൂലം ഒഴിവാകുമായിരുന്നു.

## തിരസ്ക്കരണഭയവും ശരിയായ തെരഞ്ഞെടുപ്പുകളും

ഈ പ്രായത്തിൽ സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും മനസ്സ് ഏറെ വെമ്പൽ കൊള്ളും. ഉറ്റ സുഹൃദ്ബന്ധങ്ങൾ സ്ഥാപിക്കാനുള്ള ആഗ്രഹവും കാണും. എന്നാൽ തിരസ്കരിക്കപ്പെട്ടേക്കുമോ എന്നുള്ള വലിയഭയം അവരെ അതിൽനിന്നു പിന്തിരിപ്പിക്കുന്നു. അതുകൊണ്ടുതന്നെ പല കുട്ടികളും ഏകാന്തത അനുഭവിക്കേണ്ടി വരുന്നു. ബാല്യത്തിൽ തിരസ്കരണത്തിന്റെ അനുഭവങ്ങളേറെ ഉണ്ടായിട്ടുള്ള കുട്ടിയാണെങ്കിൽ അതേക്കുറിച്ച് അമിതഭയം ഉണ്ടാകും. ഒരു തരത്തിലും മറ്റുള്ളവരിൽ നിന്നു തിരസ്കരണമുണ്ടാവില്ല എന്നുറപ്പു വരുത്തിയതിനു ശേഷമേ അവർ ഏതെങ്കിലും തരത്തിലുള്ള ബന്ധത്തിലേർപ്പെടുകയുള്ളു. മറ്റുള്ളവർ തിരസ്ക്കരിക്കാത്തിടത്തും ഇവർ തിരസ്കരണമനുഭവിക്കും. ആരും തന്നെ അംഗീകരിക്കുന്നില്ല എന്ന പരാതി പ്രായപൂർത്തിയായാലും ഇവരിൽ നിന്ന് വിട്ടുമാറുകയില്ല. ഇത്തരക്കാർ ബന്ധങ്ങളിൽ പിന്നിലായിരിക്കുകയും ചെയ്യും.

കളിയും കാര്യവും ഒരുമിച്ചുകൊണ്ടു പോവുക ഇവർക്ക് എളുപ്പമല്ല. രണ്ടിനോടും ഒരേസമയം താത്പര്യം കാണും. ഉദാഹരണത്തിന് പരീക്ഷയുടെ തൊട്ടടുത്തുള്ള ദിവസങ്ങളിൽ പരീക്ഷയ്ക്ക് ഒരുങ്ങണമെന്നുണ്ട്. എന്നാൽ അതേസമയം തന്നെ കളി ഉപേക്ഷിക്കാനും സാധ്യമല്ല. കളിയിൽ നിന്നു കിട്ടുന്ന സന്തോഷവും വേണം പഠനത്തിനായി സമയം ചെലവഴിച്ചാലുണ്ടാകുന്ന റിസൽട്ടും വേണം.

രണ്ടു കാര്യങ്ങൾ ഒരേ സമയം ഒരുപോലെ നന്നായി കൊണ്ടുപോകാൻ സാധിക്കില്ലെന്നും അങ്ങനെയുള്ള സാഹചര്യങ്ങളിൽ തെരഞ്ഞെടുപ്പുകൾ ഒഴിവാക്കാൻ പറ്റില്ലെന്നും അവൻ ചിന്തിക്കുന്നില്ല. തെരഞ്ഞെടുപ്പുകളിൽ ത്യാഗമടങ്ങിയിട്ടുണ്ടാകും. പ്രത്യേകിച്ച് രണ്ടും ഇഷ്ടമുള്ള കാര്യങ്ങളാണെങ്കിൽ. അതു സ്വീകരിക്കുവാൻ അവനെ പരിശീലിപ്പിക്കേണ്ടത് ആവശ്യമാണ്.

*(തുടരും)*

- തന്റെ ജീവിതം എങ്ങനെയായിത്തീരും, ഏതു വിധത്തിലതിനെ കരുപ്പിടിപ്പിക്കണം എന്നിങ്ങനെയുള്ള ചിന്തകൾ കൗമാരക്കാരുടെ മനസ്സിനെ അസ്വസ്ഥമാക്കിയേക്കാം.
- സ്വയം മറ്റുള്ളവരുമായി താരതമ്യം ചെയ്യുകയും മത്സരബുദ്ധിയുമുള്ള കൗമാരക്കാരിൽ ഭാവിയെക്കുറിച്ചുള്ള ആകാംക്ഷയും അതു ജനിപ്പിക്കുന്ന ഉത്ക്കണ്ഠയും വളരെ കൂടുതലായിരിക്കും.
- താൻ മാത്രമല്ല തനിക്കു ചുറ്റും ഒരു ലോകമുണ്ടെന്നും അവിടെ സംഭവിക്കുന്നവയും താൻ കണക്കിലെടുക്കേണ്ടതാണെന്നുമുള്ള ചിന്ത കൗമാരത്തിന്റെ മധ്യം, അവസാനം എന്നീ ഘട്ടങ്ങളിലേക്കു കടക്കുമ്പോൾ ഉണ്ടാകുന്നു.
- കൗമാരക്കാരിലധികവും ഭാവനാലോകത്ത് ജീവിക്കുന്നവരാണ്. അവരുടെ ഭാവന ക്രിയാത്മകമാണെങ്കിൽ അതവരെ വളർച്ചയിലേക്കു നയിക്കും. നിഷേധാത്മകമാണ് ഭാവനാലോകമെങ്കിൽ അതിനനുസരിച്ചായിരിക്കും ജീവിതത്തിന്റെയും ദിശ.

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK



ചുവരെഴുത്തുകൾ

ശ്വേതകേതു

# പിതാക്കന്മാരുടെ ത്യാഗവും പുത്രന്മാരുടെ യോഗവും

ദുരിതയാതനകളുടെ ദൂരമളക്കാതെ ത്യാഗത്തിന്റെ കനൽക്കട്ടകളിലൂടെ നിർഭയം യാത്രചെയ്ത നിഷ്ക്കാമികളുടെ വഴിത്താരയിൽ കയറിനിന്ന് ചെറുപ്രായക്കാരായ പിൻഗാമികൾ ഉറുമി വീശുകയാണ്; ആർക്കുവേണ്ടിയോ. അതുവഴി പിതൃവ്യന്മാരുടെ സേവനത്തിന്റെ ഓഹരി മൂല്യം വരച്ചുകുറിച്ചു തിട്ടപ്പെടുത്താമെന്ന മോഹവും! ചുവപ്പണിഞ്ഞ പ്രത്യയശാസ്ത്രത്തിന്റെ കൺതടങ്ങളിൽ ചോരപൊടിയുന്ന നീർക്കണമായി ശേഷിക്കുന്ന പ്രതിരോധത്തെ അതീവജാഗ്രതയോടെ നോക്കിക്കാണുന്നതും മറ്റാരുമല്ല; സിപിഎം കേന്ദ്രകമ്മിറ്റി തന്നെ.

റുകാരന്റെ കൈവശംപോലുമെത്തുന്നില്ല. ഇടതുപക്ഷഭരണത്തിൻ കീഴിൽ തടിച്ചുകൊഴുത്തവർ കെട്ടിപ്പടുത്ത സമാന്തര സമ്പദ്ഘടനയ്ക്കുള്ളിൽ ശ്വാസം മുട്ടിയേക്കാം, സംസ്ഥാന സർക്കാരിനുപോലും.

പാർട്ടി പത്രത്തിന് കോടികൾ വെച്ചുനീട്ടിയ സാന്തിയാഗോ മാർട്ടിനും ഇടതിന്റെ എക്കാലത്തെയും നല്ല സ്പോൺസറായ ഫാരിസ് അബൂബേക്കറും മനസ്സുവെച്ചാൽ മതി കേന്ദ്രത്തിന്റെ ഓവർഡ്രാഫ്റ്റിൽ നിന്നും സംസ്ഥാന സർക്കാരിനെ ഒരു പരിധിവരെയെങ്കിലും രക്ഷിച്ചു നിർത്താൻ. കമ്യൂണിസ്റ്റു വിപ്ലവപ്രസ്ഥാനത്തിന്റെ ജനകീയരേഖ പ്പായമണിഞ്ഞവരുടെ അട്ടിമറിവിജയം കണ്ടിട്ടാവണം പാർട്ടിയിലെ നാട്ടുരാജാക്കന്മാരുടെയും കരപ്രമാണിമാരുടെയും മക്കൾ എന്തിനും പോരുന്നവരായിത്തീർന്നിരിക്കുന്നതും. അവർക്കു കല്ലെറിയാം, കരം പിരിക്കാം, ഉദ്യോഗസ്ഥരെ വിരട്ടാം, വേണ്ടിവന്നാൽ മന്ത്രിയെ വിളിച്ചും പേഴ്സണൽ സ്റ്റാഫിനെ ഉപയോഗിച്ചും കാര്യങ്ങൾ സാധിപ്പിക്കാം, ഫയലും നീക്കാം. തുറവൂർ - കുമ്പളങ്ങി റോഡിൽ പറയകാട് വാഹന പരിശോധന നടത്തിക്കൊണ്ടിരുന്ന കുത്തിയതോട് പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറെയും കോൺസ്റ്റബിളിൃനെയും ആക്രമിച്ചതാരാണ്?




കേരളത്തിൽ സിപിഎം മന്ത്രിമാരുടെ മക്കൾ ക്രിമിനൽ കേസുകളിൽ പെടുന്നതിനെ ഗുരുതരമായ പ്രശ്നമെന്ന് കേന്ദ്രകമ്മിറ്റി വിലയിരുത്തുമ്പോൾ, പിതാക്കന്മാർക്കാവുന്നില്ല 'അരുത് മക്കളേ'യെന്നു പറയാൻ.

മന്ത്രിയായ മാതാവും ഉള്ളുരുകി പ്രാർത്ഥിക്കുകയാണ് മകന് നേർബുദ്ധിയുണ്ടാവണേയെന്ന്. ആഡംബരത്തിന്റെ സ്നേഹവിരുന്നുകളിൽ പങ്കുചേരാനുള്ള അമിതാസക്തി രാഷ്ട്രീയ നേതൃത്വം കാണിക്കുമ്പോൾ, കൊയ്തുകൂട്ടാനും മാത്രം എന്തൊക്കെയൊ അധികാരം ഉള്ളിലൊളിപ്പിച്ചിരിക്കുന്നുവെന്ന് വെറുതെ നിനച്ചു പോവുന്നവരെ ആർക്കാണ് ശാസിക്കാനാവുക? നേർവഴിവിട്ടുള്ള എല്ലാ പ്രവൃത്തിക്കും മേല്പണമുണ്ടെന്നറിയുന്നവർ അധികാരത്തിന്റെ കൈയൂക്കിൽ സെക്രട്ടറിയേറ്റു മുതൽ പഞ്ചായത്തുവരെ നിയന്ത്രിക്കുന്നു. പോലീസ് സ്റ്റേഷൻ അവരുടെ ആദായക്കടയും!

അധികാരത്തിന്റെ പുറംവരാന്തയിലിരുന്ന് അനധികൃതവ്യാപാരത്തിന് ഒത്താശ ചെയ്യുന്നവരുടെ കൈപ്പിടിയിലൊതുങ്ങിയത് മദ്യ-മണൽ വ്യാപാരം മാത്രമല്ല. വയൽ നികത്തലും നിയമം തെറ്റിച്ചുള്ള കെട്ടിടനിർമാണവും മനുഷ്യക്കടത്തുപോലും ലിസ്റ്റുചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ കരാറുപോലും അകത്തിരിക്കുന്ന ബിനാമികളിലൊതുങ്ങി പുറംകരാ

**കേരളത്തിൽ സിപിഎം മന്ത്രിമാരുടെ മക്കൾ ക്രിമിനൽ കേസുകളിൽ പെടുന്നതിനെ ഗുരുതരമായ പ്രശ്നമെന്ന് കേന്ദ്രകമ്മിറ്റി വിലയിരുത്തുമ്പോൾ, പിതാക്കന്മാർക്കാവുന്നില്ല 'അരുത് മക്കളേ'യെന്നു പറയാൻ. മന്ത്രിയായ മാതാവും ഉള്ളുരുകി പ്രാർത്ഥിക്കുകയാണ് മകന് നേർബുദ്ധിയുണ്ടാവണേയെന്ന്. ആഡംബരത്തിന്റെ സ്നേഹവിരുന്നുകളിൽ പങ്കുചേരാനുള്ള അമിതാസക്തി രാഷ്ട്രീയനേതൃത്വം കാണിക്കുമ്പോൾ, കൊയ്തുകൂട്ടാനും മാത്രം എന്തൊക്കെയൊ അധികാരം ഉള്ളിലൊളിപ്പിച്ചിരിക്കുന്നുവെന്ന് വെറുതെ നിനച്ചു പോവുന്നവരെ ആർക്കാണ് ശാസിക്കാനാവുക?**

എത്ര പെട്ടെന്നാണ് മാറിമറിഞ്ഞത്? കമ്യൂണിസ്റ്റുകാരെന്ന് പറയുന്നവരെ യഥാർത്ഥ കമ്യൂണിസ്റ്റുകാരാക്കാൻ ജനങ്ങളോട് ആവശ്യപ്പെടേണ്ടിവരുമെന്ന സിപിഎം കേന്ദ്രനേതൃത്വത്തിന്റെ ആശങ്കയും അസ്ഥാനത്തല്ല.

വിപ്ലവരാഷ്ട്രീയത്തിന്റെ മേല്ക്കു മദ്യപിച്ചു വാഹനമോടിച്ചു പോയാലോ? നിയമപാലകർ തടഞ്ഞെന്നുവരും; അതവരുടെ ഡ്യൂട്ടിയാണ്. അതായിരുന്നു മോട്ടോർ സൈക്കിളിലെത്തിയ യുവാക്കളെ ചൊടിപ്പിച്ചതും.

>> 18

ഹോജാക്കഥ

## ഒരിടിക്ക് ഒരു ചക്രം!



ഹോജാ നസറുദ്ദീൻ മുല്ല. മഹാപണ്ഡിതൻ. സൂക്ഷ്മദർശി. രസികന്മാരിൽ രസികൻ.

ഒരു ദിവസം തെരുവിലൂടെ ഉല്ലാസവാനായി നടന്നു പോകുകയായിരുന്നു ഹോജാ. ഒരു മൂളിപ്പാട്ടും പാടിക്കൊണ്ട്.

പെട്ടെന്ന് തലയുടെ പിന്നിലൊരിടി. ഇടിയുടെ ആഘാതത്തിൽ തെറിച്ചു വീണു പോയ ഹോജാ തലയുയർത്തി നോക്കുമ്പോളുണ്ട് ഒരു മാന്യൻ വിഷണ്ണനായി നില്ക്കുന്നു!

അയാൾ പറഞ്ഞു ക്ഷമിക്കണം. എനിക്ക് ആളു മാറിപ്പോയതാണ്.

ഹോജായ്ക്കു ദേഷ്യവും സങ്കടവും ഒരുമിച്ചു വന്നു. ഇടിച്ചു വീഴ്ത്തിയിട്ട് ക്ഷമ പറയുന്നോ? അയാൾ ആക്രമണകാരിയെ പിടിച്ചുവലിച്ചു നീതിപീഠത്തിന്റെ മുന്നിലെത്തിച്ചു.

ഹോജായുടെ കൂടെ വന്ന ആളെ ജഡ്ജി തിരിച്ചറിഞ്ഞു. 'നമ്മുടെ ഹസ്സനല്ലേ ഇത്? ' ജഡ്ജി ചോദിച്ചു. എന്താ ഹോജായുടെ കൂടെ?

ഹോജാ ഹസ്സനെതിരെ ജഡ്ജി സമക്ഷം പരാതി ബോധിപ്പിച്ചു.

ഹോജാ പറയുന്നതു ശരിയാണോ? ജഡ്ജി ഹസ്സനോടു ചോദിച്ചു

അതേ. അബദ്ധം പറ്റിപ്പോയതാണ്.

എങ്കിലും ശിക്ഷ അനുഭവിച്ചേ മതിയാവൂ. ജഡ്ജി വിധിച്ചു. ഒരു ചക്രം പിഴ അടയ്ക്കണം.

എന്ത് ഒരു ചക്രമോ? ഇത്രയും വലിയ ഇടിക്ക് ഒരു ചക്രം മാത്രം പിഴയോ? ഹോജാ ആലോചിച്ചു. ജഡ്ജി പരിചയക്കാരനെ രക്ഷിക്കുകയാണ്; തന്നെ കബളിപ്പിക്കുകയും.

ഹസ്സൻ പറഞ്ഞു: എന്റെ കൈയിൽ പണമില്ല.

എങ്കിൽ എവിടെ നിന്നെങ്കിലും കൊണ്ടു വരൂ. ജഡ്ജി പറഞ്ഞു.

വീട്ടിൽ ചെന്ന് എടുത്തുകൊണ്ടുവരാം ഹസ്സൻ പറഞ്ഞതു ജഡ്ജി അനുവദിച്ചു.

ഹസ്സൻ പോയിക്കഴിഞ്ഞപ്പോൾ ഹോജാ ആലോചിച്ചു. ഇതൊരു ഒത്തു കളിയാണ്. കള്ളനും പോലീസും തമ്മിലുള്ള ഒത്തുകളി.

അയാൾ ജഡ്ജിയുടെ പിന്നിൽ ചെന്നു നിന്നു മുഴുവൻ ശക്തിയുമെടുത്തു ജഡ്ജിയുടെ തലയ്ക്ക് ഒരിടികൊടുത്തു.

അയ്യോ! ജഡ്ജി നിലവിളിച്ചു പോയി. ഹോജാ ഒരു കൂസലുമില്ലാതെ പറഞ്ഞു. ഒരിടിക്ക് ഒരു ചക്രമല്ലേയുള്ളു. ഹസ്സൻ കൊണ്ടുവരുന്ന ചക്രം ഇതിന്റെ നഷ്ടപരിഹാരമായി അങ്ങെടുത്തോളു.

ഇത്രയും പറഞ്ഞു ഹോജ ഇറങ്ങി ഒരു നടപ്പു കൊടുത്തു!

CYAN MAGENTA YELLOW BLACK

ഫ്ളാഷ്ബാക്ക്

തേക്കിൻകാട് ജോസഫ്

# ആ ഛായാചിത്രത്തിനു മുന്നിൽ ഒരിറ്റു കണ്ണീർ

**1992** ഡിസംബർ അഞ്ചിനാണ് പ്രശസ്ത നടി മോനിഷ ചേർത്തലയിൽ ഒരു കാറപകടത്തിൽ മരണമടയുന്നത്. പത്രവാർത്ത കണ്ടപ്പോൾ ഒരു നിമിഷം സ്തംഭിച്ചിരുന്നുപോയി. ആ വിടർന്ന നയനങ്ങളും സദാ മന്ദസ്മേരം പൊഴിക്കുന്ന വദനവും ഛായാചിത്രമായി പത്രത്താളിൽ കണ്ടപ്പോൾ ആ അഭിനയപ്രതിഭ ഇനി നമ്മോടൊപ്പമില്ല എന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാനായില്ല.

1985ലെ ഫിലിം ക്രിട്ടിക്സ് അവാർഡുദിനം. മമ്മുട്ടി,തിലകൻ തുടങ്ങിയ പ്രശസ്ത താരങ്ങൾക്ക് തിരുവനന്തപുരത്തെ ഹോട്ടൽ പങ്കജിലാണ് താമസസൗകര്യമൊരുക്കിയിരുന്നത്. ഹോട്ടലിൽ താരങ്ങളെ സ്വീകരിക്കാനും അവാർഡുനിശയിലേക്ക് അവരെ ആനയിക്കാനും ചുമതലപ്പെടുത്തിയിരുന്നത് ഈ ലേഖകനെയും ശ്രീ. അജന്താലയം അജിത്കുമാറിനെയുമാണ്. (ഇന്ന് അജന്താലയം അജിത്കുമാർ മംഗളദിനപത്രത്തിന്റെ തിരുവനന്തപുരം എഡിഷൻ റസിഡന്റ് എഡിറ്ററാണ്).

ഞങ്ങൾ ഹോട്ടൽ ലോബിയിൽ കാത്തിരിക്കുമ്പോൾ പങ്കജ് ഹോട്ടലുടമയും സിനിമാ നിർമാതാവുമായ സേനൻ പറഞ്ഞു: "സെക്കൻഡ് ഫ്ളോറിൽ നടി മോനിഷയും അമ്മ ശ്രീദേവി ഉണ്ണിയുമുണ്ട്. നിങ്ങൾക്കു വേണമെങ്കിൽ അവരെയും അവാർഡു നിശയ്ക്കു ക്ഷണിക്കാം." മോനിഷയും അമ്മയും ഹരിഹരന്റെ ഏതോ ഒരു പടത്തിന്റെ ഷൂട്ടിംഗുമായി ബന്ധപ്പെട്ടു വന്നതാണ്. അന്ന് മോനിഷ എം.ടിയുടെ നഖക്ഷതങ്ങളിൽ അഭിനയിച്ച് ഒട്ടൊക്കെ പ്രശസ്തയായി കഴിഞ്ഞിരുന്നു.

അവരെ മുറിയിൽചെന്നു കണ്ടപ്പോൾ ശ്രീദേവി ഉണ്ണി പറഞ്ഞു:

"മോൾ കൊച്ചുകുട്ടിയല്ലേ! സിനിമയിൽ അഭിനയിക്കാൻ തുടങ്ങിയതല്ലേയുള്ളു. വലിയ താരങ്ങൾ പങ്കെടുക്കുന്ന വേദിയിൽ വന്നിരിക്കാൻ അവൾക്കു സങ്കോചമുണ്ട്. ഇനിയൊരവസരത്തിലാവട്ടെ."

അപ്പോൾ എനിക്കൊരു ആശയം തോന്നി. മോനിഷയെ ദീപികയ്ക്കുവേണ്ടി ഇന്റർവ്യൂ ചെയ്താലോ? അന്ന് ദീപികയുടെ 'ഫിലിംപേജ്' കൈകാര്യം ചെയ്യുന്നത് ഞാനും കൂടി ചേർന്നാണ്. തുടർച്ചയായി സിനിമാ നിരൂപണം എഴുതുന്ന കാലവും.

ഇന്റർവ്യൂവിന്റെ കാര്യം പറഞ്ഞു. നഖക്ഷതങ്ങളുമായി ബന്ധപ്പെടുത്തി ചില സിനിമാ പ്രസിദ്ധീകരണങ്ങളിൽ വാർത്തകളും സ്റ്റില്ലുകളും വന്നിട്ടുണ്ട്. ഇന്റർവ്യൂവൊന്നും പ്രസിദ്ധീകരിച്ചിട്ടില്ല. എങ്കിലും മടിയാണ്. എന്റെ നിർബന്ധത്തിനു വഴങ്ങി ഇന്റർവ്യൂവിനിരുന്നു. ചില ചോദ്യങ്ങൾക്കു മറുപടി സ്വതസ്സിദ്ധമായ ആ ചിരി മാത്രം. അന്ന് മോനിഷ ബാംഗ്ലൂരിൽ ഒൻപതാം സ്റ്റാൻഡേർഡിൽ പഠിക്കുകയാണെന്നാണ് ഓർമ.



മോനിഷയും അമ്മ ശ്രീദേവി ഉണ്ണിയും

പിറ്റേ ആഴ്ചയിൽ ദീപികയുടെ ഫിലിം പേജിൽ മോനിഷയെക്കുറിച്ചുള്ള 'റൈറ്റപ്പ്' വന്നു. ഒപ്പം രണ്ടു ഫോട്ടോഗ്രാഫും. അവരെക്കുറിച്ച് ആദ്യമായി പ്രസിദ്ധീകരിച്ചു വരുന്ന ഇന്റർവ്യൂവും. നഖക്ഷതങ്ങളുടെ വിജയം മോനിഷയെ പ്രശസ്തയാക്കി. വിനീത്-മോനിഷ ജോഡി മലയാളസിനിമയിൽ ശ്രദ്ധേയമായി. വൈശാലിയിൽ അഭിനയിക്കുമ്പോഴേക്കും അവർ വല്ലാതെ പ്രശസ്തയായിക്കഴിഞ്ഞിരുന്നു.

നഖക്ഷതങ്ങളിലെ അഭിനയത്തിന് 1987ലെ മികച്ച നടിക്കുള്ള ദേശീയപുരസ്കാരം മോനിഷയ്ക്കു ലഭിച്ചു. അതോടെ മലയാള സിനിമയുടെ അവിഭാജ്യഘടകമായി മാറി, മോനിഷ. അവളുടെ വളർച്ചയിൽ എം.ടിയും ഹരിഹരനും നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

ദർശനയുടെ ഒരു കലാസന്ധ്യ ഉദ്ഘാടനം ചെയ്യാൻ അവരെ ക്ഷണിച്ചു. മോനിഷയും അമ്മയും സന്തോഷപൂർവം അതു സ്വീകരിച്ചു. റവ.ഡോ. ജെയിംസ് ഏർത്തയിൽ ആണ് അവരെ ക്ഷണിച്ചുകൊണ്ടു വന്നത്. അന്ന് മോനിഷ ദീപികയിലും വന്നിരുന്നു. ഇന്റർവ്യൂവിനു പ്രത്യേകം നന്ദി പറഞ്ഞു. അതൊരു നല്ല തുടക്കമായത്രേ.

അങ്ങനെ ജീവിതത്തിൽ രണ്ടു തവണയേ അവരെ നേരിൽ കണ്ടിട്ടുള്ളു. എങ്കിലും അവളുടെ ആരാധകനായി മാറാതിരിക്കാൻ കഴിഞ്ഞില്ല. മോനിഷ അഭിനയിച്ച എല്ലാ ചിത്രങ്ങളും കണ്ടിട്ടുണ്ട്. അതുല്യമായ അഭിനയസിദ്ധിയുള്ള ഒരു കുട്ടി എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. ഇത്ര അനായാസമായി കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന മറ്റൊരു മലയാള നടിയുടെ പേരെഴുതാൻ എന്നോടു പറഞ്ഞാൽ മഞ്ജു വാര്യർ എന്നെഴുതും. മോനിഷ ചെറുപ്പത്തിലേ കാലയവനികയ്ക്കുള്ളിൽ മറയാതിരുന്നെങ്കിൽ ഇന്ത്യയിലെ ഏറ്റവും മികച്ച അഭിനേത്രി എന്ന ബഹുമതികൂടി ലഭിക്കുമായിരുന്നു എന്നെനിക്കുറപ്പുണ്ട്.

നേരിട്ടു കാണുമ്പോൾ നാണംകുണുങ്ങിയായ ഒരു നാടൻ പെണ്ണ് എന്നു തോന്നുമാറുള്ള മുഖശ്രീയുമായി മലയാളത്തിൽ വന്നിട്ടുള്ള നടികൾ ആരുണ്ട്? ഈ 'നാടൻ പെണ്ണാണോ' അഭിനയകലയുടെ അനാവരണം ചെയ്യപ്പെടാത്ത അനവധി മുഖങ്ങൾ നമുക്കു സമ്മാനിച്ചത്? ജീവൽസ്പർശിയായ നിരവധി നാടകീയ മുഹൂർത്തങ്ങൾ നമ്മുടെ സ്മരണയിൽ മായാചിത്രങ്ങളായി നിലനില്ക്കുംവിധത്തിൽ മലയാള സിനിമയ്ക്കു സമ്മാനിച്ചത്?

അഭിശപ്തമായ ഒരു നിമിഷാർധത്തിനുള്ളിൽ ആർക്കോ വന്ന ഒരു കൈത്തെറ്റാണ് ആ മഹാദുരന്തത്തിനു വഴിവച്ചത്. ഇന്ത്യൻ സിനിമാവേദിയുടെ സുവർണരേഖയിൽ നിന്ന് അഭിനയസിദ്ധിയുള്ള ഒരു അഭിനേത്രിയെ വിധി അപഹരിച്ച ആ അഭിശപ്തനിമിഷത്തെ നമുക്കു ശപിക്കാതിരിക്കാനാവില്ല. മനസ്സിൽ നിന്നു മായാത്ത മോനിഷയുടെ ഛായാചിത്രത്തിനു മുന്നിൽ ഒരിറ്റു കണ്ണീർ വീഴുന്നു, ഇപ്പോഴും.

**ഇന്റർവ്യൂവിന്റെ കാര്യം പറഞ്ഞു. നഖക്ഷതങ്ങളുമായി ബന്ധപ്പെടുത്തി ചില സിനിമാ പ്രസിദ്ധീകരണങ്ങളിൽ വാർത്തകളും സ്റ്റില്ലുകളും വന്നിട്ടുണ്ട്. ഇന്റർവ്യൂവൊന്നും പ്രസിദ്ധീകരിച്ചിട്ടില്ല. എങ്കിലും മടിയാണ്. എന്റെ നിർബന്ധത്തിനു വഴങ്ങി ഇന്റർവ്യൂവിനിരുന്നു. ചില ചോദ്യങ്ങൾക്കു മറുപടി സ്വതസ്സിദ്ധമായ ആ ചിരി മാത്രം. അന്ന് മോനിഷ ബാംഗ്ലൂരിൽ ഒൻപതാം സ്റ്റാൻഡേർഡിൽ പഠിക്കുകയാണെന്നാണ് ഓർമ.**

## ഈ അച്ഛൻ നിങ്ങളുടേതല്ല !

5 >>

അന്നത്തെ, ആ അവിഹിത ശിശുവിനു ഇന്നു പന്ത്രണ്ടു വയസ്സ്! പ്രിൻസെന്നു പേര്. രണ്ടാമതും റോവു പ്രസവിച്ചു. പേരു പാരീസ്! താമസിയാതെ ഇവരുടെ വിവാഹബന്ധം ഉലഞ്ഞു. എങ്കിലും സ്വന്തം ചോരയിൽ ജനിച്ച സന്തതികൾ തനിക്കു തന്നെ വേണമെന്ന ശാഠ്യത്തിലായിരുന്നു ജാക്സൻ. കേസായി. വഴക്കായി. അവസാനം, റോവിനു 90 ലക്ഷം ഡോളർ നഷ്ടപരിഹാരം നല്കി പ്രിൻസിനെയും പാരീസിനെയും ജാക്സൻ സ്വന്തമാക്കി. പൊന്നുപോലെ വളർത്തി. 90 ലക്ഷം ഡോളർ നേടിയ റോവും അടിപൊളിയായി ജിവിച്ചു, മറ്റു പലരോടൊപ്പം!

ജാക്സന്റെ മരണശേഷം, റോവു പഴയതുപോലെ മറ്റൊരു ബോംബാണ് പൊട്ടിച്ചിട്ടുള്ളത്. പ്രിൻസും പാരീസും ജാക്സന്റെ മക്കളല്ല! ഇവർ കൃത്രിമ ബീജസങ്കലനത്തിലൂടെ പിറന്നുവീണവരാണ്. ഇവരുടെ പിതാക്കന്മാർ ആരാണെന്നു തനിക്കോർമയില്ലെന്നു പറയാനും ആ "അമ്മരൂപം" മറന്നില്ല! ഇവളെ അമ്മയെന്നാണോ അമ്മവേഷമാർന്ന മറുതയെന്നാണോ വിളിക്കേണ്ടത്?

എട്ടുകാലി മമ്മൂഞ്ഞിന്റെ സ്ഥിതിയിലേക്ക് ജാക്സനെ തള്ളിയിട്ട പ്രതീതി. വല്ലവരുടെയും കൊച്ചിന്റെ "തന്ത"യാകേണ്ട ഗതികേട്! ഇന്നലെവരെ "ഡാഡീ" എന്നു വികാരത്തോടെ (ജന്മഗുണം കൊണ്ടു സ്വാഭാവിക വികാരം ഉണ്ടാകേണ്ടതല്ല) വിളിച്ചിരുന്ന പ്രിൻസിന്റേയും പാരീസിന്റേയും ഗതികേട്! അമ്മയുടെ സ്വഭാവ മഹിമകൊണ്ടു ഡാഡിയില്ലാത്തവരായി മാറിയ ഈ പിള്ളേർ ഇനി മമ്മിയെ "പോടീ" എന്ന് ആട്ടിയാലും അത്ഭുതപ്പെടേണ്ടതില്ല!

കൗതുകകരമായ മറ്റൊരു വസ്തുതകൂടി പറയട്ടെ. ജാക്സന്റെ വില്പത്രത്തിൽ തന്റെ സ്വത്തുവകകൾ വീതിച്ചു നല്കിയിട്ടുള്ളത് മൂന്നു മക്കൾക്കും സ്വന്തം മാതാവിനുമായിട്ടാണ്. പ്രിൻസും പാരീസുമാണ് രണ്ടുമക്കൾ. മൂന്നാമത്തെ കുട്ടിയുടെ അമ്മയാരാണെന്ന് ഇന്നുവരെ ലോകമറിഞ്ഞിട്ടില്ല. ഏതോ സ്ത്രീയുടെ ഗർഭപാത്രം ലക്ഷക്കണക്കിനു ഡോളറിനു വാടകയ്ക്കെടുത്തു രൂപപ്പെടുത്തിയെടുത്തതാണ് മൂന്നാമത്തെ മകൻ. ഈ മൂന്നു കുട്ടികൾക്കുമായി എഴുതിവച്ചിട്ടുള്ള കോടിക്കണക്കിനു ഡോളർ വിലവരുന്ന എസ്റ്റേറ്റുകളുടെ താത്ക്കാലിക ചുമതല അമ്മ കാതറിനെയാണ് ഏല്പിച്ചിട്ടുള്ളത്. എന്നാൽ, സ്വന്തം പിതാവിന്റെ പേരിൽ ഒരു ഡോളർ പോലും നീക്കിവച്ചിട്ടില്ലെന്നുള്ളതാണ് അത്ഭുതം!

ജാക്സന്റെ മരണശേഷം ആദ്യഭാര്യ റോവു പിതൃത്വത്തെപ്പറ്റി പ്രഖ്യാപിച്ചതുപോലെ, ജാക്സൻ ജീവിച്ചിരുന്നപ്പോൾ അമ്മ കാതറിൻ ഇതേപോലെ പിതൃത്വത്തെപ്പറ്റിയുള്ള വല്ല ദുരൂഹ പ്രഖ്യാപനവും നടത്തിയിരുന്നോ എന്നാർക്കറിയാം! അല്ലെങ്കിൽ പിന്നെ കോടീശ്വരനായ (കടം വേറെ) ജാക്സൻ ഇങ്ങനെ പിതാവിനെ അവഹേളിക്കുമായിരുന്നോ? പിതൃരാഹിത്യത്തിന്റെ ഒരു പോക്കു നോക്കണേ...!

**ജാക്സന്റെ മരണശേഷം, റോവു പഴയതുപോലെ മറ്റൊരു ബോംബാണ് പൊട്ടിച്ചിട്ടുള്ളത്. പ്രിൻസും പാരീസും ജാക്സന്റെ മക്കളല്ല! ഇവർ കൃത്രിമ ബീജസങ്കലനത്തിലൂടെ പിറന്നുവീണവരാണ്. ഇവരുടെ പിതാക്കന്മാർ ആരാണെന്നു തനിക്കോർമയില്ലെന്നു പറയാനും ആ "അമ്മരൂപം" മറന്നില്ല! ഇവളെ അമ്മയെന്നാണോ അമ്മവേഷമാർന്ന മറുതയെന്നാണോ വിളിക്കേണ്ടത്?**

CYAN MAGENTA YELLOW BLACK

ഇതാണു നിയമം

അഡ്വ. ചാർളി പോൾ

എം.എ, എൽ.എൽ.ബി, ഡി.എസ്.എസ്

# റാഗിംഗ് നിരോധനനിയമം - 1998

"The Kerala Prohibition of Ragging Act, 1998"

**കേ**രളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് നിരോധിച്ചുകൊണ്ട് 1997 ഓക്ടോബർ 23ന് നിയമം നിലവിൽ വന്നു. Kerala Prohibition of Ragging Ordinance -1997 എന്ന പേരിൽ ആദ്യം ഓർഡിനൻസായിട്ടാണ് നിയമം കൊണ്ടുവന്നത്. കേരള ഗസറ്റ് അസാധാരണ വിജ്ഞാപനത്തിലൂടെ (No.1453 dated the 23rd day of October 1997) അതു പ്രഖ്യാപിച്ചു.

പിന്നീട് കേരള നിയമസഭ "The Kerala Prohibition of Ragging Act, 1998" എന്ന പേരിൽ അതു നിയമമായി അംഗീകരിച്ചു നടപ്പിലാക്കി. 23-10-1997 മുതൽ ഈ നിയമത്തിന് പ്രാബല്യം ഉണ്ട്. കേരളം മുഴുവൻ ഈ നിയമത്തിന്റെ പരിധിയിൽവരും.

റാഗിംഗിനെ താഴെപ്പറയും പ്രകാരമാണ് ആക്ടിൽ നിർവചിച്ചിരിക്കുന്നത്.

'Ragging' means doing of any act, by disorderly conduct, to a student of an educational institution, which causes or is likely to cause physical or psychological harm or raising apprehension or fear or shame or embarrassment to that student and includes:-

1. teasing, abusing or playing practical jokes on, or causing hurt to, such student; or

2. asking a student to do any act or perform something which such student will not, in the ordinary course, withingly, do.

ശാരീരികമായും മാനസ്സികമായും വൈകാരികമായും നടത്തുന്ന എല്ലാത്തരം പീഡനങ്ങളും റാഗിംഗാണ്.

ഇക്കാര്യത്തിൽ കലാലയാധികൃതരെ സഹായിക്കാൻ സുപ്രീംകോടതി നിർദേശാനുസരണം സർവകലാശാല ഗ്രാന്റ്സ് കമ്മീഷൻ (യു.ജി.സി) പുതിയ ചട്ടങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. സീനിയർ വിദ്യാർത്ഥികൾ മാത്രം നടത്തുന്നതാണ് റാഗിംഗ് എന്ന് അഭിപ്രായം യു.ജി.സിക്കില്ല.

"തുടക്കക്കാരനോ അല്ലാത്തതോ ആയ ഏത് വിദ്യാർത്ഥിയോടും വാക്കുകൊണ്ടോ എഴുത്തുകൊണ്ടോ പ്രവൃത്തികൊണ്ടോ ഉള്ള മോശമായ ഇടപെടൽ" എന്നാണ് യു.ജി.സി. റാഗിംഗിനെ നിർവചിച്ചിരിക്കുന്നത്.

വിദ്യാർത്ഥികൾ തങ്ങളുടെ അക്കാദമിക് ജോലികൾ മറ്റു വിദ്യാർത്ഥികളെക്കൊണ്ട് നിർബന്ധിച്ച് ചെയ്യിക്കുന്നത്, സാമ്പത്തികചൂഷണം, ലൈംഗികമായ ചൂഷണം, സ്വവർഗരതിക്ക് പ്രേരിപ്പിക്കൽ, ഇമെയിലിലൂടെയുള്ള അസഭ്യപ്രയോഗങ്ങൾ, നഗ്നനാക്കൽ, തരംതാണ മറ്റു പ്രവർത്തനങ്ങൾ, ആംഗ്യങ്ങൾ എന്നിവയെല്ലാം റാഗിംഗിന്റെ പരിധിയിൽപെടും.

റാഗിംഗ് നടന്നതായി തെളിയിക്കപ്പെട്ടാൽ രണ്ടുവർഷം വരെ തടവും 10,000 രൂപ വരെ പിഴയും ലഭിക്കും. റാഗിംഗിൽ പങ്കെടുത്തവരും പ്രോത്സാഹിപ്പിക്കുന്നവരുമെല്ലാം കുറ്റക്കാരാണ്.

റാഗിംഗ് നിരോധനനിയമപ്രകാരം ശിക്ഷിക്കപ്പെട്ടാൽ ആ വിദ്യാർത്ഥിയെ വിദ്യാഭ്യാസസ്ഥാപനത്തിൽ നിന്നും ഡിസ്മിസ് ചെയ്യും. മൂന്നു വർഷം വരെ മറ്റൊരു സ്ഥാപനത്തിലും അഡ്മിഷന് യോഗ്യത ഉണ്ടായിരിക്കുകയുമില്ല.

റാഗിംഗ് നടന്നതായി, വിദ്യാർത്ഥിയോ രക്ഷാകർത്താവോ, പിതാവോ, അധ്യാപകരോ വിദ്യാഭ്യാസസ്ഥാപനത്തിന്റെ മേലധികാരിക്ക് പരാതി നല്കിയാൽ, മുൻവിധികൂടാതെ അക്കാര്യം ഏഴുദിവസത്തിനകം അന്വേഷിച്ച് പ്രഥമദൃഷ്ടാ പരാതിയിൽ കഴമ്പുണ്ടെന്ന് ബോധ്യപ്പെട്ടാൽ റാഗിംഗ് നടത്തിയവരെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യണം. ഉടനെ ആ പരാതി വിദ്യാഭ്യാസസ്ഥാപനം സ്ഥിതിചെയ്യുന്നിടത്തെ പോലീസ് സ്റ്റേഷനിൽ തുടർനടപടിക്കായി നല്കണം.

വിദ്യാഭ്യാസസ്ഥാപനത്തിന്റെ മേലധികാരി നടത്തുന്ന പ്രാഥമികാന്വേഷണത്തിൽ പരാതിയിൽ കഴമ്പില്ലെന്ന് കണ്ടാൽ ആ വസ്തുത രേഖാമൂലം പരാതിക്കാരനെ അറിയിക്കണം.

റാഗിംഗ് തടയുന്നതിൽ പരാജയപ്പെടുന്ന കോളജുകളുടെ അഫിലിയേഷൻ റദ്ദാക്കാനോ ധനസഹായം നിർത്തിവയ്ക്കാനോ യു.ജി.സിക്ക് അധികാരമുണ്ട്.

വിദ്യാഭ്യാസസ്ഥാപനങ്ങളിൽ റാഗിംഗ് തടയാൻ യു.ജി.സിയുടെ ആഭിമുഖ്യത്തിൽ ബി.എസ്.എൻ.എല്ലും എജ്യൂക്കേഷണൽ കൺസെൽറ്റൻസി ഇന്ത്യാ ലിമിറ്റഡും ചേർന്ന് ഹെൽപ് ലൈൻ ആരംഭിച്ചിട്ടുണ്ട്.

ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന കോൾസെന്ററിലെ ടോൾഫ്രീ നമ്പറിൽ വിളിച്ച് വിദ്യാർത്ഥിക്ക് പരാതിപ്പെടാം. ഇ-മെയിലിലും പരാതി അയയ്ക്കാം.

പരാതി ലഭിച്ചാലുടൻ രജിസ്റ്റർ ചെയ്തു പ്രത്യേക നമ്പർ നല്കും. ഉടൻ തന്നെ വിദ്യാലയ അധികൃതർ, ഹോസ്റ്റൽ വാർഡൻ, പോലീസ് സൂപ്രണ്ട് ഉൾപ്പെടെയുള്ള ജില്ലാ അധികൃതർ എന്നിവർക്ക് കോൾസെന്ററിൽ നിന്ന് വിവരം ലഭിക്കും.

പരാതി ലഭിച്ചാൽ 15 മിനിറ്റിനകം സഹായനടപടി ഉണ്ടാകും. വിളിക്കേണ്ട ടോൾഫ്രീ നമ്പർ 1800-180-5522 ആണ്. ഇ-മെയിൽ helpline@antiragging.net ആണ്.

റാഗിംഗ് തടയുന്നതു സംബന്ധിച്ച് സംസ്ഥാന ഗവൺമെണ്ടുകൾക്ക് സുപ്രീംകോടതി ചില ശ്രദ്ധേയമായ നിർദേശങ്ങൾ നല്കിയിട്ടുണ്ട്. ക്യാമ്പസുകളിലെ മദ്യപാനവും ലഹരിമരുന്ന് ഉപയോഗവും നേരിടുന്നതിനുള്ള മാർഗങ്ങൾ നിർദേശിക്കാൻ മനഃശാസ്ത്രജ്ഞന്മാരുടെ സമിതി രൂപീകരിക്കുക, എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റാഗിംഗ് വിരുദ്ധ സമിതിയും സ്ക്വാഡും രൂപീകരിക്കുക, ക്രമസമാധാനപ്രശ്നമുൾപ്പെടാത്ത എല്ലാ അച്ചടക്കലംഘനങ്ങളും ക്യാമ്പസിനുള്ളിൽതന്നെ പരിഹരിക്കുക, പുതിയ വിദ്യാർത്ഥികളെ ഹോസ്റ്റൽ ജീവിതവുമായി പൊരുത്തപ്പെടുത്താനും മുന്നോട്ടുള്ള ജീവിതത്തിനു സജ്ജമാക്കാനുമായി കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുക എന്നിവ ഇക്കൂട്ടത്തിൽപെടുന്നു.

കലാലയാധികാരികളുടെ നിരന്തരമായ നിരീക്ഷണവും ഇടപെടലും ബോധവത്ക്കരണവും റാഗിംഗ് നിരോധനത്തിന് അത്യന്താപേക്ഷിതമാണ്. റാഗിംഗിന്റെ പേരിൽ കൊലചെയ്യപ്പെട്ടവരും മാനസിക രോഗികളായിതീർന്നവരും പഠനം ഉപേക്ഷിച്ച് പോയവരും ആത്മഹത്യചെയ്തവരും നിരവധിയാണ്. റാഗിംഗ് തനി കാടത്തമാണ്. കൂട്ടായ പ്രവർത്തനം റാഗിംഗിനെതിരെ നടത്തേണ്ടതുണ്ട്. റാഗിംഗ് മൂലം ഇനിയുമൊരു ജീവിതം തകരാതിരിക്കട്ടെ. □



**ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന കോൾസെന്ററിലെ ടോൾ ഫ്രീ നമ്പറിൽ വിളിച്ച് വിദ്യാർത്ഥിക്ക് പരാതിപ്പെടാം. ഇ-മെയിലിലും പരാതി അയയ്ക്കാം. പരാതി ലഭിച്ചാലുടൻ രജിസ്റ്റർ ചെയ്തു പ്രത്യേക നമ്പർ നല്കും. ഉടൻ തന്നെ വിദ്യാലയ അധികൃതർ, ഹോസ്റ്റൽ വാർഡൻ, പോലീസ് സൂപ്രണ്ട് ഉൾപ്പെടെയുള്ള ജില്ലാ അധികൃതർ എന്നിവർക്ക് കോൾസെന്ററിൽ നിന്ന് വിവരം ലഭിക്കും. പരാതി ലഭിച്ചാൽ 15 മിനിറ്റിനകം സഹായനടപടി ഉണ്ടാകും. വിളിക്കേണ്ട ടോൾഫ്രീ നമ്പർ 1800-180-5522 ആണ്.**

**ഇ-മെയിൽ *helpline@antiragging.net* ആണ്.**

## അറിയേണ്ടും കാര്യങ്ങൾ

### വത്തിക്കാൻ ഏറ്റവും ചെറിയ രാഷ്ട്രം



സെന്റ് പീറ്റേഴ്സ് സ്ക്വയർ

**വ**ത്തിക്കാൻ. ലോകത്തിലെ ഏറ്റവും ചെറിയ രാജ്യം. വിസ്തൃതി 43 ഹെക്ടർ (109 ഏക്കർ). ജനസംഖ്യ 800

റോമിൽ ടൈബർ നദിയുടെ പടിഞ്ഞാറുതീരത്തു സ്ഥിതി ചെയ്യുന്നു. 1929ലെ ലാറ്ററൻ ഉടമ്പടിയനുസരിച്ച് ഇറ്റാലിയൻ ഗവൺമെണ്ട് വത്തിക്കാൻ നഗരത്തെ ഒരു സ്വതന്ത്ര പരമാധികാര രാഷ്ട്രമായി അംഗീകരിച്ചു മാർപാപ്പായ്ക്കു വിട്ടുകൊടുത്തു. മാർപാപ്പയാണു രാഷ്ട്രത്തലവൻ.

ഭരണപരമായ അധികാരം ഒരു ഗവർണറിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു. ഭരണത്തിനുവേണ്ട വിവിധ സമിതികളെ നിയമിക്കുന്നതു പോപ്പാണ്. ഗവർണറെ സഹായിക്കുവാൻ ഒരു കേന്ദ്രസമിതിയും ഉണ്ട്.

നൂറിലധികം വരുന്ന സ്വിസ് ഗാർഡുകളാണു വത്തിക്കാൻ സൈന്യം. ടെലഫോൺ വ്യൂഹം, റേഡിയോ, ടെലിവിഷൻ, ബാങ്ക് തുടങ്ങിയവയെല്ലാം സ്വന്തമായുണ്ട്. ലോകത്തിലെ ഏറ്റവും വലിയ ബാങ്കുകളിലൊന്നാണ് വത്തിക്കാൻ ബാങ്ക്.

വെള്ളം, വൈദ്യുതി, ഗ്യാസ്, ഭക്ഷണസാധനങ്ങൾ എന്നിവയെല്ലാം ഇറക്കുമതി ചെയ്യുന്നു. ആദായനികുതി ഇല്ല. കയറ്റുമതിക്കും ഇറക്കുമതിക്കും നിയന്ത്രണങ്ങളില്ല.

മധ്യശതകങ്ങളിലെയും നവോത്ഥാനകാലത്തെയും മതിലുകൾ കൊണ്ടു ചുറ്റപ്പെട്ടതാണു നഗരം. ആറു പ്രവേശനകവാടങ്ങളാണുള്ളത്. ഇവയിൽ മൂന്നെണ്ണം മാത്രമേ പൊതുജനങ്ങൾക്കു തുറന്നുകൊടുത്തിട്ടുള്ളു. പിയാസ്സാ, ആർച്ച് ഓഫ് ദ ബെൽസ്, മ്യൂസിയം കവാടം എന്നിവ.

ലോകമെമ്പാടുമുള്ള ഇരുനൂറുകോടിയിലധികം വരുന്ന കത്തോലിക്കരുടെ ആത്മീയ നേതാവായ മാർപാപ്പായുടെ ആസ്ഥാന നഗരം എന്നതാണു വത്തിക്കാന്റെ പ്രാധാന്യം.



സെന്റ് പീറ്റേഴ്സ് ബസ്ലിക്കാ

ലോകത്തിലെ ഏറ്റവും വലിയ ടൂറിസ്റ്റു കേന്ദ്രങ്ങളിലൊന്നു കൂടിയാണു വത്തിക്കാൻ നഗരം. ഒപ്പം, തീർത്ഥാടനകേന്ദ്രവും. സെന്റ് പീറ്റേഴ്സ് ബസ്ലിക്കാ, വത്തിക്കാൻ മ്യൂസിയങ്ങൾ, സിസ്റ്റേയൻ ചാപ്പൽ, വത്തിക്കാൻ ലൈബ്രറി എന്നിവ വിജ്ഞാനത്തിന്റെയും വാസ്തുകലയുടെയും ചിത്രകലയുടെയും നൂറ്റാണ്ടുകൾ പിന്നിട്ട മഹാസാക്ഷ്യങ്ങളാണ്.

മൈക്കൾ ആഞ്ചെലോ, ലെയോണാർ ഡാവിഞ്ചി, റാഫേൽ തുടങ്ങിയ ലോകോത്തര കലാകാരന്മാരുടെ കലാശില്പങ്ങൾ വത്തിക്കാന്റെ സന്ദർശകപ്രാധാന്യം വർധിപ്പിക്കുന്നു.

വത്തിക്കാന് ഒരു ഔദ്യോഗിക ദിനപത്രവുമുണ്ട്- ഒസെർവത്തോരെ റൊമാനോ. □



# ബാലലോകം

## സിപ്പിയങ്കിളും കുട്ട്യോളും

## കടിഞ്ഞൂൽ പൊട്ടന്മാരാകരുത്

*പ്രിയ കൂട്ടുകാരേ,*

ഒരു കാര്യത്തിനായി ഇറങ്ങിത്തിരിച്ചാൽ അതു നേടിയിട്ടേ പിന്നെ വിശ്രമിക്കാവൂ. എപ്പോഴും ഉണർന്നിരിക്കുന്ന ഒരു മനസ്സാണ് ഇതിനാവശ്യം. “അച്ഛൻ കൊച്ചീക്കു പോകാൻ പറഞ്ഞു; കൊച്ചീക്കു പോയി!’എന്നൊരു ശൈലിയുണ്ട്. വെറുതെ കൊച്ചീക്കു പോയി മടങ്ങി വരുന്നതിലല്ല; ‘എന്തു കാര്യസാധ്യത്തിനായി കൊച്ചീക്കുപോകുന്നു? ‘എന്ന ചിന്തയിലാണ് ഇതിന്റെ ഗൗരവം കുടികൊള്ളുന്നത്.

രസകരമായ ഒരു നാടൻകഥയുണ്ട്. ഒരിടത്ത് ഒരു കടിഞ്ഞൂൽ പൊട്ടനുണ്ടായിരുന്നു. അയാൾ ഒരു ദിവസം നാടകം കാണാൻ പോയി. നാട്ടിൻപുറത്തുള്ള ഒരു മൈതാനത്തിന്റെ നടുവിലാണ് നാടകസ്റ്റേജ് കെട്ടിയിരുന്നത്.

കടിഞ്ഞൂൽപൊട്ടൻ ഒരു വലിയ പായയും കക്ഷത്തിൽ വച്ചാണ് മൈതാനത്തെത്തിയത്. “നാടകം തുടങ്ങാൻ ഇനി എത്ര നേരമുണ്ട്?”– കടിഞ്ഞൂൽ പൊട്ടൻ അരികിലിരുന്നവരോട് ചോദിച്ചു.

“മേക്കപ്പു തുടങ്ങിയിട്ടേയുള്ളൂ. കുറേനേരം പിടിക്കും’’– ഒരാൾ പറഞ്ഞു.

“എന്നാൽ അതുവരെ ഒന്നുറങ്ങാം” –കടിഞ്ഞൂൽപൊട്ടൻ പായ നിവർത്തിയിട്ട് അതിൽ നീണ്ടു നിവർന്നു കിടന്നു. താമസിയാതെ കൂർക്കംവലിച്ചുറങ്ങുകയും ചെയ്തു.

ഉറക്കം കഴിഞ്ഞ് കടിഞ്ഞൂൽപൊട്ടൻ നാടകം കാണാനുള്ള വ്യഗ്രതയോടെ ചാടിപ്പിടഞ്ഞെഴുന്നേറ്റു. “ഇതെന്തുകഥ? ആളുകളൊക്കെ പായും ചുരുട്ടി പിരിഞ്ഞു പോകുന്നല്ലോ” – കടിഞ്ഞൂൽപൊട്ടൻ ഒന്നുമറിയാതെ അന്തംവിട്ടു നിന്നു.

“എന്താ?.... ഇന്ന് നാടകമില്ലേ?” – അയാൾ പിരിഞ്ഞുപോകുന്നവരോട് ചോദിച്ചു.

“ അയ്യോ....! നാടകം തീർന്നല്ലൊ. ഇപ്പോഴങ്ങ് കഴിഞ്ഞതേയുള്ളൂ. നല്ല നാടകമായതുകൊണ്ട് നേരം പോയതറിഞ്ഞില്ല” –ഒരാൾ വിശദമാക്കി.

അപ്പോഴാണ് കടിഞ്ഞൂൽപൊട്ടൻ തനിക്കു പറ്റിയ അമളി ശരിക്കും മനസ്സിലാക്കിയത്. അയാളും പായും ചുരുട്ടി കക്ഷത്തിൽവച്ച് വന്നതുപോലെ വീട്ടിലേക്ക് തിരിച്ചു പോയി! ആ വരവുകൊണ്ട് അയാൾക്ക് ഒന്നും നേടാനായില്ല.

നമ്മളും ഇതുപോലുള്ള കടിഞ്ഞൂൽപൊട്ടന്മാരാകരുത്. എന്തു കാര്യത്തിനും ഒരു ലക്ഷ്യബോധം വേണം ലക്ഷ്യം നേടുന്നതുവരെ വിശ്രമമില്ലെന്ന പ്രതിജ്ഞയോടെയായിരിക്കണം നാം മുന്നോട്ടു പോകേണ്ടത്.

സസ്നേഹം

**സിപ്പിയങ്കിൾ**

# അക്ഷരഗാനം

## ആ



“ആടുകൾ മേയും പുൽമേട്ടിൽ
ചെന്നായ് വന്നതറിഞ്ഞില്ലേ?
ആട്ടിൻകുട്ടിയെ വായിലൊതുക്കി
ചതിയൻ കാട്ടിലൊളിച്ചല്ലോ!

*മാത്യു കാരാംവേലി*

## ബാലനോവൽ -1

ജോഹന്നാസ് സ്പൈറി

പുനരാഖ്യാനം: കിളിരൂർ രാധാകൃഷ്ണൻ

# ഹെയ്ദി

## മലമുകളിലേക്കൊരു യാത്ര



സ്വിറ്റ്സർലൻഡിലെ മലനിരകളുടെ അടിവാരത്തുള്ള ചെറിയ പട്ടണമാണ് മെയൻഫെൽഡ്. ആകാശത്തെ ഉമ്മവച്ച് നില്ക്കുന്ന കൊടുമുടികളാണ് ആ പട്ടണത്തിൽ നിന്നുള്ള ഏറ്റവും നല്ല കാഴ്ച.

അത് ജൂൺമാസത്തിലെ ഒരു തെളിഞ്ഞ പ്രഭാതമായിരുന്നു. മലമുകളിലേക്കുള്ള ഒറ്റയടിപ്പാതയിലൂടെ നല്ല ഉയരമുള്ള ഒരു സ്ത്രീ നടന്നുവരികയാണ്. ഒരു കൈയിൽ ചെറിയൊരു ഭാണ്ഡവും മറുകൈയിൽ അഞ്ചുവയസ്സ് തോന്നിക്കുന്ന ഒരു പെൺകുട്ടിയെയും പിടിച്ചുകൊണ്ടാണാ വരവ്. പൊരിയുന്ന വെയിലത്ത് നടന്നിട്ടാവാം, ആ കുട്ടിയുടെ മുഖമാകെ ചുവന്നുതുടുത്തിരിക്കുന്നു.

ഏതാണ്ട് ഒരു മണിക്കൂർ എരിവെയിലിൽ നടന്ന് അവർ ഡോർഫ്ളി എന്ന ഗ്രാമത്തിലെത്തി. ആ ഗ്രാമത്തിലെ പലരും ആ സ്ത്രീയെ അറിയുന്നവരായിരുന്നു. അവർ ചിരിക്കുകയും കുശലം പറയുകയും ചെയ്തു. ഒരു സ്ത്രീ വിളിച്ചുപറഞ്ഞു – “ഡെറ്റീ, നില്ക്ക് ഞാനും വരുന്നു നിന്റെയൊപ്പം.”

അത് കേട്ട് ഡെറ്റി എന്ന സ്ത്രീ നടപ്പിന്റെ വേഗത കുറച്ചു. തന്റെ ഒപ്പമുള്ള പെൺകുട്ടിയോടവർ ചോദിച്ചു.

“നീ വല്ലാതെ തളർന്നോ ഹെയ്ദീ?”

“സാരമില്ല, പക്ഷേ ഭയങ്കര ചൂട്!”

“ഇനിയധികം ദൂരമില്ല. വേഗം നടന്നാൽ ഒരു മണിക്കൂറിനകം നമുക്കവിടെയെത്താം.”

കുലീനമായ വേഷം ധരിച്ച ഒരു സ്ത്രീ അവരുടെ ഒപ്പമെത്തി. മൂവരുംകൂടി നടത്തം തുടർന്നു. ആ പുതിയ സ്ത്രീ ഡെറ്റിയോട് ചോദിച്ചു. “ഹെയ്ദിയെ എവിടെ കൊണ്ടുപോകുന്നു? ”

“നിനക്കറിയാമല്ലോ, അവളുടെ അമ്മ, അതായത് എന്റനിയത്തി മരിച്ചതിൽ പിന്നെ ഞാനാണല്ലോ ഇതുവരെ ഇവളെ വളർത്തിയത്. എനിക്കിപ്പോൾ ഒരു ജോലി കിട്ടിയിരിക്കുന്നു. കുറെ അകലെ ഒരിടത്ത് ആയയായിട്ടാണ് നിയമനം. ഇവളെ മലമുകളിൽ താമസിക്കുന്ന ആൽപ്പമ്മാവന്റെ അടുത്ത് കൊണ്ടുചെന്നാക്കണം. അങ്ങേര് ഇവളുടെ അപ്പൂപ്പനല്ലേ. കുറെക്കാലം നോക്കട്ടെ.
”

ആൽപ്പമ്മാവൻ മലമുകളിൽ ഒറ്റയ്ക്കാണ് താമസം. ഒരുമാതിരി പരുക്കൻ സ്വഭാവം. ആരോടും അങ്ങനെ അടുത്ത് ഇടപഴകാറില്ല. ആരെയും വകവയ്ക്കുകയുമില്ല. പള്ളിയിൽ പോകാറുമില്ല. നീണ്ട് വെളുത്ത താടിമീശയും ചുവന്ന കണ്ണുകളുമൊക്കെ കണ്ടാൽ അയാളൊരു ക്രൂരനാണെന്നേ തോന്നുകയുള്ളൂ.

ചെറുപ്പത്തിൽ അയാൾ മഹാ ഉഴപ്പനായിരുന്നു. മദ്യപിച്ചും ചൂത് കളിച്ചും എല്ലാം നശിപ്പിച്ചു. മകന്റെ വഴിപിഴച്ച ജീവിതത്തിൽ മനംനൊന്താണ് അയാളുടെ മാതാപിതാക്കൾ മരിച്ചത്. അയാളുടെ അനിയനും ഏതാണ്ട് അതേ മട്ടുകാരനായിരുന്നു. ഒരു ദിവസം അവൻ എങ്ങോട്ടോ പോയി. പിന്നെ ആൽപ്പും സ്ഥലം വിട്ടു. പട്ടാളത്തിൽ ചേർന്നുവെന്നോ മറ്റോ കേട്ടു. പിന്നെ പത്തുപന്ത്രണ്ടുകൊല്ലത്തേക്ക് അയാളെക്കുറിച്ച് ആരും ഒന്നും കേട്ടില്ല.

അങ്ങനെയിരിക്കെ ഒരുനാൾ അയാൾ വീണ്ടും നാട്ടിൽ പ്രത്യക്ഷപ്പെട്ടു. ഒപ്പം മകനും ഉണ്ടായിരുന്നു. ഭാര്യ ഉണ്ടായിരുന്നില്ല. അവർ മരിച്ചുപോയിരിക്കുമെന്ന് നാട്ടുകാർ കരുതി. നാട്ടിലെ ബന്ധുക്കൾ അയാളെയോ മകനെയോ സ്വാഗതം ചെയ്തില്ല.

അയാൾ തോബിയാസ് എന്ന തന്റെ മകനോടൊപ്പം ഡോർഫ്ളി എന്ന ഗ്രാമത്തിൽവന്ന് താമസമുറപ്പിച്ചു.

ഡെറ്റി പറഞ്ഞു. “ഈ ആൽപ്പമ്മാവന്റെ വല്യമ്മയും എന്റെ വല്യമ്മയും സഹോദരിമാരാണ്. അതിനാലാണ് ഞാൻ അമ്മാവൻ എന്നങ്ങേരെ വിളിക്കുന്നത്. മലമുകളിൽ സ്ഥിരതാമസമാക്കിയതോടെ എല്ലാവരും ആൽപ്പമ്മാവൻ എന്നു വിളിക്കാൻ തുടങ്ങി. മൂപ്പരുടെ മകൻ തോബിയാസ് ആശാരിപ്പണി പഠിച്ചശേഷം എന്റെ സഹോദരിയെ വിവാഹം ചെയ്തു. തോബിയാസും ഒത്തുള്ള അവളുടെ ജീവിതം സുഖകരമായിരുന്നു. പക്ഷേ രണ്ട് കൊല്ലമേ അത് നീണ്ടുനിന്നുള്ളൂ. തോബിയാസ് ഒരപകടത്തിൽ മരിച്ചു. ഈ പാവം ഹെയ്ദി ഭാഗ്യദോഷിയായിരുന്നു. എന്റെ സഹോദരിയും ഏറെ വൈകാതെ മരിച്ചു.”

മകന്റെയും മരുമകളുടെയും ദാരുണമായ അന്ത്യത്തിനും എല്ലാവരും ആൽപ്പമ്മാവനെ കുറ്റപ്പെടുത്തി. പള്ളി വികാരിപോലും. അതോടെ ക്ഷുഭിതനായിത്തീർന്ന ആൽപ്പമ്മാവൻ ഒരാളോടും സംസാരിക്കാതെയായി. അങ്ങനെയാണ് അമ്മാവൻ മലമുകളിലേക്ക് താമസം മാറ്റിയത്. ഞാനും അമ്മയും കൂടി ഹെയ്ദിയെ വളർത്തി. ഇപ്പോഴത്തെ അവസ്ഥയിൽ ഇവളെ ആൽപ്പമ്മാവനെ ഏല്പിക്കുക മാത്രമേയൊരു വഴിയുള്ളൂ.”

ഡെറ്റിയുടെ തീരുമാനത്തോട് ആ സ്ത്രീ യോജിച്ചില്ല. മനുഷ്യപ്പറ്റില്ലാത്ത കാട്ടുജീവിയെപ്പോലുള്ള ആ മനുഷ്യന്റെ അടുത്ത് ഈ കൊച്ചുകുട്ടിയെ ഏല്പിക്കുന്നത് ശരിയാകുമോ എന്നവർ സംശയിച്ചു.

*(തുടരും)*